സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 11 2025 മാർച്ച് 14 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ദന്ത ഡോക്ടർ മരിച്ച നിലയിൽ

തിരു: കഴുത്തറുത്ത നിലയിൽ ആശുപത്രിയിലെത്തിച്ച ദന്തൽ ഡോക്ടറായ യുവതി മരിച്ചു. നെയ്യാറ്റിൻകര അമരവിള അലത്ര വീട്ടിൽ ആദർശിന്റെ ഭാര്യ സൗമ്യ (31) ആണ് മരിച്ചത്. ഇന്ന് പുലർച്ചെയായിരുന്നു സംഭവം. 4വർഷം മുമ്പായിരുന്നു സൗമ്യയുടെ വിവാഹം. കുട്ടികൾ ഇല്ലാത്തത് ഇവരെ മാനസികമായി അലട്ടിയിരുന്നുവെന്ന് ബന്ധുക്കൾ പറയുന്നു. പുലർച്ചെ 2മണിക്കാണ് സൗമ്യയെ കഴുത്തറുത്ത നിലയിൽ നെയ്യാറ്റിൻകരയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചത്. സംഭവസമയത്ത് ഭർത്താവും ഭർതൃമാതാവും മാത്രമായിരുന്നു വീട്ടിലുണ്ടായിരുന്നത്. ചോരയിൽ കുളിച്ച് കിടക്കുന്ന സൗമ്യയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആത്മഹത്യയെന്നാണ് പ്രഥമിക നിഗമനം. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

കഞ്ചാവ് പിടിച്ചത് കെഎസ്‌യു പ്രവർത്തകരുടെ മുറിയിൽനിന്ന്, പിടിയിലായ അഭിരാജ് നിരപരാധി–എസ്.എഫ്.ഐ

കൊച്ചി: കളമശ്ശേരി പോളിടെക്നിക് കോളേജിന്റെ മെൻസ് ഹോസ്റ്റലിൽ കെഎസ്‌യു പ്രവർത്തകരുടെ മുറിയിൽനിന്നാണ് കഞ്ചാവ് പിടിച്ചെടുത്തതെന്ന് എസ്എഫ്ഐ കളമശ്ശേരി ഏരിയാ പ്രസിഡന്റ് ദേവരാജ്. ആദിൽ, ആകാശ് എന്നീ വിദ്യാർഥികളുടെ മുറിയിൽനിന്നാണ് രണ്ടുകിലോയോളം കഞ്ചാവ് പിടിച്ചെടുത്തത്.

കഴിഞ്ഞവർഷം കെഎസ്‌യുവിനു വേണ്ടി ആർട്സ് ക്ലബ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചയാളാണ് ആദിലെന്നും ദേവരാജ് പറഞ്ഞു. കോളേജ് യൂണിയൻ സെക്രട്ടറിയും എസ്എഫ്ഐ നേതാവുമായ അഭിരാജ്, നിരപരാധിയാണെന്നും ദേവരാജ് കൂട്ടിച്ചേർത്തു. റെയ്ഡ് നടന്ന സമയത്ത് അഭിരാജ് ഹോസ്റ്റലിൽ ഉണ്ടായിരുന്നില്ലെന്നും എസ്എഫ്ഐ യൂണിറ്റ് സമ്മേളനത്തിന്റെ അലങ്കാരജോലികളുമായി ബന്ധപ്പെട്ട് കാമ്പസിനുള്ളിലായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

കോളേജ് ഹോസ്റ്റലിന്റെ താഴത്തെയും മുകളിലത്തെയും നിലകളിലെ മുറികളിലാണ് പരിശോധന നടന്നതെന്നും താഴത്തെ നിലയിലെ ആകാശ്, ആദിൽ എന്നീ വിദ്യാർഥികളുടെ മുറിയിൽനിന്നാണ് കഞ്ചാവ് കണ്ടെടുത്തതെന്നും ദേവരാജ് പറഞ്ഞു. വ്യാഴാഴ്ച രാത്രി റെയ്ഡ് നടന്നപ്പോൾ കാമ്പസിനുള്ളിലുണ്ടായിരുന്ന ആദിൽ, ഹോസ്റ്റലിൽനിന്ന് ഇറങ്ങി ഓടിരക്ഷപ്പെടുകയായിരുന്നു. കഴിഞ്ഞവർഷം കാമ്പസിൽ നടന്ന യൂണിയൻ തിരഞ്ഞെടുപ്പിൽ ആദിൽ കെഎസ്‌യുവിനു വേണ്ടി ആർട്സ് ക്ലബ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചയാളാണ്, ദേവരാജ് പറഞ്ഞു.

റെയ്ഡിൽ കഞ്ചാവു പിടിച്ച സംഭവത്തിൽ ആകാശ് എന്ന വിദ്യാർഥിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ആദിലും അനന്തു എന്ന മറ്റൊരു വിദ്യാർഥിയും ചേർന്നാണ് കാമ്പസിനകത്തേക്ക് കഞ്ചാവ് കൊണ്ടുവന്നതെന്ന് ആകാശ് പോലീസിന് മൊഴി നൽകിയിട്ടുണ്ട്. അനന്തുവും കാമ്പസിലെ സജീവ കെഎസ്‌യു പ്രവർത്തകനാണ്. കാമ്പസിൽ എസ്എഫ്ഐയുടെ യൂണിയന്റെ ഭാഗമായി നിൽക്കുന്ന ഏഴ് വിദ്യാർഥികളോ എസ്എഫ്ഐ യൂണിറ്റ് കമ്മിറ്റി അംഗങ്ങളായ വിദ്യാർഥികളോ ഒരു തരത്തിലുള്ള ലഹരിയും ഉപയോഗിക്കാത്തവരാണ്, ദേവരാജ് കൂട്ടിച്ചേർത്തു.

എസ്എഫ്ഐ നേതാവായ അഭിരാജിന്റെ കയ്യിൽനിന്നോ ഷർട്ടിന്റെയോ ബാഗിന്റെയോ ഉള്ളിൽനിന്ന് കഞ്ചാവ് പിടിച്ചിട്ടില്ല. റെയ്ഡ് നടക്കുന്ന സമയത്ത് അഭിരാജ് ഹോസ്റ്റലിനുള്ളിൽ പോലും ഉണ്ടായിരുന്നില്ല. ഇന്ന് നടക്കാനിരുന്ന എസ്എഫ്ഐ യൂണിറ്റ് സമ്മേളനത്തിന്റെ ഭാഗമായി അലങ്കാര പരിപാടികളുമായി ബന്ധപ്പെട്ട് അഭിരാജ് കാമ്പസിലായിരുന്നു. റെയ്ഡ് നടക്കുന്നു എന്ന റിഞ്ഞ് മറ്റുള്ളവർക്കൊപ്പമാണ് അഭിരാജും എത്തിയത്. താൻ ഇത് ഉപയോഗിക്കുന്നില്ലെന്നും തന്റേതല്ലെന്നും അറിയില്ലെന്നും അഭിരാജ് പറഞ്ഞിരുന്നു. എന്നിട്ടും പോലീസ് അഭിരാജിനെ ഭീഷണിപ്പെടുത്തുകയും കേസ് എടുക്കുകയുമാണ് ചെയ്തത്. തെറ്റായ കാര്യങ്ങളിലേക്ക് പോകാത്തയാളാണ് അഭിരാജ് എന്ന് എസ്എഫ്ഐക്ക് നൂറുശതമാനം ഉറപ്പുണ്ട്. ലഹരിക്കെതിരേ നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്ന, ലഹരി മാഫിയയുമായി സംഘർഷത്തിലേർപ്പെടുന്ന സംഘടനയാണ് കളമശ്ശേരിയിലെ എസ്എഫ്ഐ. ഇത്തരം പ്രവണതകളെ പ്രോത്സാഹിപ്പിക്കാൻ ഒരു കാരണവശാലും എസ്എഫ്ഐ തയ്യാറാവില്ല. ആദിലും അനന്തുവും നാടുവിട്ടു. ഇവർ എവിടെ പോയെന്ന് പോലീസ് അന്വേഷിക്കുന്നു പോലുമില്ലെന്നും ദേവരാജ് ആരോപിച്ചു.

കോളേജ് ഹോസ്റ്റലിൽ നടത്തിയ റെയ്ഡിൽ എസ്എഫ്ഐ നേതാവും കരുനാഗപ്പള്ളി സ്വദേശിയുമായ അഭിരാജ്, ഹരിപ്പാട് സ്വദേശി ആദിത്യൻ എന്നിവരുടെ മുറികളിൽ നിന്ന് ഒമ്പത് ഗ്രാം കഞ്ചാവാണ് പിടികൂടിയിരുന്നു. ഇവരെ പിന്നീട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിരുന്നു. മറ്റൊരു മുറിയിൽ നിന്ന് 1.9 കിലോ കഞ്ചാവും പിടിച്ചെടുത്തിരുന്നു.

'സമാധാന ശ്രമങ്ങൾക്ക് നന്ദി'; യുക്രൈൻ വിഷയത്തിലെ ഇടപെടലിന് ട്രംപിനും മോദിക്കും നന്ദിപറഞ്ഞ് പുതിൻ

മോസ്കോ: റഷ്യ–യുക്രൈൻ സംഘർഷത്തിൽ സമാധാനമുണ്ടാക്കാൻ ശ്രമം നടത്തിയതിന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും മറ്റ് രാഷ്ട്രത്തലവന്മാർക്കും നന്ദിയറിയിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിൻ. യുക്രൈനുമായി 30 ദിവസത്തെ വെടിനിർത്തലിന് യുഎസ് മുന്നോട്ടുവെച്ച നിർദേശം തത്ത്വത്തിൽ അംഗീകരിക്കുന്നതായി അറിയിച്ചതിനു പിന്നാലെയാണ് പുതിന്റെ പ്രതികരണം.

'യുക്രൈൻ വിഷയം ഒത്തുതീർപ്പാക്കുന്നതിൽ ഇത്രയധികം ശ്രദ്ധ ചെലുത്തിയതിന് അമേരിക്കൻ പ്രസിഡന്റ് മിസ്റ്റർ ട്രംപിന് നന്ദി പറഞ്ഞുകൊണ്ട് ആരംഭിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ ഇടപെട്ട ചൈനീസ് പ്രസിഡന്റ്, ഇന്ത്യൻ പ്രധാനമന്ത്രി, ബ്രസീൽ പ്രസിഡന്റ്, ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് എന്നിവരടക്കമുള്ള ലോകനേതാക്കൾക്കെല്ലാം നന്ദി. ശത്രുത അവസാനിപ്പിക്കുന്നതിനും മനുഷ്യരുടെ നാശനഷ്ടങ്ങൾ തടയുന്നതിനുമുള്ള മഹത്തായ ലക്ഷ്യത്തോടെയാണ് ഇതെല്ലാം', പുതിൻ പറഞ്ഞു.

അതേസമയം, യുദ്ധം തുടങ്ങാൻ കാരണമായ അടിസ്ഥാന കാരണങ്ങൾ പരിഹരിക്കപ്പെടണമെന്നും വെടിനിർത്തൽ നിബന്ധനകളിൽ ചില മാറ്റങ്ങൾ വേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കരാറിലെ വ്യവസ്ഥകൾ പരിശോധിക്കേണ്ടതുണ്ട്. ദീർഘകാല സമാധാനത്തിനു വഴിതുറക്കുന്നതാകണം കരാർ. അമേരിക്കൻ സംഘവുമായി കൂടുതൽ ചർച്ചകൾ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

വെടിനിർത്തൽ കരാർ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ സംവിധാനം വേണം. മുപ്പതുദിന വെടിനിർത്തൽ സൈന്യത്തെ കരുത്തുറ്റതാക്കാൻ യുക്രൈൻ ഉപയോഗപ്പെടുത്തുമോ എന്ന ആശങ്കയും ഇതോടൊപ്പം പുതിൻ പങ്കിട്ടു. വെടിനിർത്തൽ കാലയളവിൽ നാറ്റോ രാജ്യങ്ങളിൽ നിന്നുള്ള സമാധാനസേനയെ അംഗീകരിക്കില്ലെന്നും പുതിൻ വ്യക്തമാക്കി.

അമേരിക്കൻ വിമാനത്തിൽ തീപടർന്നു

വാഷിംഗ്ടൺ: അമേരിക്കയിലെ ഡെൻവർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിർത്തിയിട്ടിരുന്ന വിമാനത്തിന് തീപിടിച്ചു. വിമാനത്തിൽ നിന്ന് രൂക്ഷമായ പുക ഉയർന്നതോടെയാണ് സംഭവം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതോടെ വിമാനത്തിലുണ്ടായിരുന്ന യാത്രക്കാരെയും ജീവനക്കാരെയും അടിയന്തരമായി പുറത്തെത്തിക്കുകയും സ്ഥലത്ത് നിന്ന് മാറ്റുകയും ചെയ്യുകയായിരുന്നു. 172 യാത്രികരും ആറ് ജീവനക്കാരും വിമാനത്തിൽ ഉണ്ടായിരുന്നു.

ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അധികൃതർ പുറത്തുവിടുന്ന വിവരമനുസരിച്ച് ഗേറ്റ് സി38ൽ നിർത്തിയിട്ടിരുന്ന വിമാനത്തിലാണ് തീപിടിച്ചത്. കൊളറാഡോ സ്പ്രിഗ്സിൽനിന്ന് ഡാളസ് ഫോർട്ട് വർത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് പോകേണ്ടിയിരുന്ന അമേരിക്കൻ എയർലൈൻസിന്റെ ബോയിംഗ് 737–800 വിമാനത്തിലാണ് തീപിടിച്ചത്.

2,152 കോടി രൂപ തരാതെ വഞ്ചിച്ചു

കേന്ദ്രസർക്കാരിനെതിരേ രൂക്ഷ പരാമർശങ്ങളുമായി തമിഴ്നാടിന്റെ ബജറ്റ്

ചെന്നൈ: കേന്ദ്രസർക്കാരിനെതിരേ അതിരൂക്ഷ പരാമർശങ്ങളുമായി തമിഴ്നാടിന്റെ സംസ്ഥാന ബജറ്റ്. സമഗ്ര ശിക്ഷാ പദ്ധതി പ്രകാരമുള്ള 2,152 കോടിരൂപ തരാതെ കേന്ദ്രസർക്കാർ തമിഴ്നാടിനെ വഞ്ചിച്ചുവെന്ന് ബജറ്റ് അവതരിപ്പിക്കവേ ധനമന്ത്രി തങ്കം തെന്നരസ് ആരോപിച്ചു. സംസ്ഥാനം, ദേശീയ വിദ്യാഭ്യാസ നയത്തിനെതിരേ (എൻഇപി) ഉയർത്തിയ എതിർപ്പ് പിൻവലിക്കാതെ ഫണ്ട് അനുവദിക്കില്ലെന്ന നിലപാടിലാണ് കേന്ദ്രമെന്നും അദ്ദേഹം പറഞ്ഞു.

സർക്കാർ സ്കൂളുകളിലെ അധ്യാപകർക്കുള്ള ശമ്പളവിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ആവശ്യമായ പണം തമിഴ്നാട് സർക്കാർ സ്വന്തംനിലയ്ക്ക് ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു. സമഗ്രശിക്ഷാ പദ്ധതിക്ക് കീഴിൽ വിദ്യാർഥികൾക്കുള്ള ക്ഷേമപദ്ധതികൾ കഴിഞ്ഞ ഏഴുകൊല്ലമായി തമിഴ്നാട് വിജയകരമായി നടപ്പാക്കിവരികയാണ്. എന്നാൽ, ഇക്കൊല്ലം ത്രിഭാഷാനയത്തെ പ്രോത്സാഹിപ്പിക്കുന്ന എൻഇപി അംഗീകരിക്കാത്തതിനെ തുടർന്ന് കേന്ദ്രസർക്കാർ 2,152 കോടിരൂപ അനുവദിക്കാതെ വഞ്ചിച്ചു. അതിനാൽ സംസ്ഥാനം സ്വന്തം ഫണ്ട് അനുവദിക്കുകയാണ്, മന്ത്രി വ്യക്തമാക്കി.

തമിഴ്നാടിന്റെ ദ്വിഭാഷാ നയത്തെ ന്യായീകരിച്ച മന്ത്രി, തമിഴ്ക്കാർ രാജ്യാന്തര നേട്ടങ്ങൾ കൈവരിക്കാൻ അത് നിർണായകമായെന്നും ചൂണ്ടിക്കാണിച്ചു. തമിഴ്നാടിന്റെ വികസനത്തിനും ദ്വിഭാഷാനയം വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ബജറ്റ് സമ്മേളനം ബിജെപി ബഹിഷ്കരിക്കുകയും എഐഎഡിഎംകെ സഭയിൽനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. തമിഴ്നാട് സ്റ്റേറ്റ് മാർക്കറ്റിങ് കോർപറേഷൻ ലിമിറ്റഡു (ടാസ്മാക്)മായി ബന്ധപ്പെട്ട നാൽപ്പതിനായിരം കോടിരൂപയുടെ അഴിമതി ആരോപണം വെള്ളിയാഴ്ച ഉന്നയിക്കാൻ അനുമതി നിഷേധിച്ചതിന് പിന്നാലെയാണ് എഐഎഡിഎംകെ സഭ വിട്ടിറങ്ങിയത്.

സംസ്ഥാന ബജറ്റിന്റെ ലോഗോയിൽനിന്ന് രൂപയുടെ ചിഹ്നം സർക്കാർ ഒഴിവാക്കിയത് വിവാദമായിരുന്നു. ബജറ്റിനുമുന്നോടിയായി മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ പുറത്തിറക്കിയ ലോഗോയിൽ രൂപയുടെ ഔദ്യോഗിക ചിഹ്നത്തിനു പകരം തമിഴിൽ 'രൂ' എന്നാണെഴുതിയിരിക്കുന്നത്. ഇതിൽ പ്രതിഷേധവുമായി ബിജെപി രംഗത്തുവന്നിരുന്നു. കറൻസി നോട്ടിൽ സ്ഥാനംപിടിച്ചിട്ടുള്ള ഭാഷകളിലൊന്നായ തമിഴാണ് ലോഗോയിൽ ഉപയോഗിച്ചിരിക്കുന്നതെന്നായിരുന്നു ഇതിനോടുള്ള ഡിഎംകെയുടെ പ്രതികരണം.

ഒറ്റദിവസം കൊണ്ട് ചരിത്രമെഴുതി; സ്വർണവില 65,000 കടന്നു

തിരു: ചരിത്രത്തിൽ ആദ്യമായി ഒരു പവന്റെ വില 65,000 കടന്നു. ഇന്ന് ഒരു പവൻ സ്വർണത്തിന്റെ വില 880 രൂപ വർദ്ധിച്ച് 65,840 രൂപയായി. ഒരു ഗ്രാമിന് 110 രൂപ വർദ്ധിച്ച് 8,230 രൂപയുമായി. ഇന്നത്തെ നിരക്ക് അനുസരിച്ച് പത്ത് ഗ്രാം സ്വർണത്തിന്റെ വില 82,300 രൂപയാണ്. ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 8,978 രൂപയും ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന് 6,734 രൂപയിലുമാണ് വ്യാപാരം നടക്കുന്നത്.

ഇന്നലെ പവൻ വില 440 രൂപ ഉയർന്ന് 64,960 രൂപയിലെത്തിയിരുന്നു. രാജ്യാന്തര വിപണിയിൽ സ്വർണവില ഔൺസിന് ഇന്നലെ 2,944 ഡോളറായി ഉയർന്നതോടെയാണ് ഇന്ത്യയിലും വിലയിൽ മുന്നേറ്റമുണ്ടായത്. ഫെബ്രുവരി 25ന് രേഖപ്പെടുത്തിയ 64,600 രൂപയെന്ന റെക്കാഡാണ് ഇന്നലെ പവൻ മറികടന്നത്. ഡോളറിനെതിരെ രൂപയുടെ മൂല്യത്തകർച്ചയും വില വർദ്ധനക്ക് കരുത്തായി. മാർച്ച് മാസത്തിൽ ഇതുവരെ സ്വർണം പവന് 1,520 രൂപയാണ് കൂടിയത്. അമേരിക്കയിലെ നാണയപ്പെരുപ്പം നേരിയ തോതിൽ കുറഞ്ഞതോടെ ഈ വർഷം മുഖ്യ പലിശ നിരക്ക് രണ്ട് തവണ കുറച്ചേക്കുമെന്ന വിലയിരുത്തലാണ് പൊടുന്നനെ സ്വർണവിലയിൽ കുതിപ്പുണ്ടാക്കിയത്.

വിലയിലെ കുതിപ്പ് ആഭ്യന്തര വിപണിയിൽ സ്വർണവിൽപ്പനയിൽ കടുത്ത തിരിച്ചടി സൃഷ്ടിക്കുന്നുവെന്ന് ജുവലറി ഉടമകൾ പറയുന്നു.

ഹോളിക്ക് മുന്നോടിയായി സാധാരണ വിൽപ്പനയിലുണ്ടാകാറുള്ള ഉണർവ് ഇത്തവണ ദൃശ്യമായില്ല. സാമ്പത്തിക രംഗത്തെ തളർച്ചയും ഓഹരി ഉൾപ്പെടെയുള്ള നിക്ഷേപ മേഖലകളിലെ അനിശ്ചിതത്വവും വിൽപ്പനയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് അവർ പറയുന്നു.

കൊല്ലത്ത് ഇപ്പോഴുള്ളത് ഇതുവരെ കാണാത്ത ഗുരുതര സാഹചര്യം, വേണ്ടത് അതീവ ജാഗ്രത

കൊല്ലം: ജില്ലയിൽ വേനൽ അതിരൂക്ഷമാകുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പ് ചവറ, പുനലൂർ, പാരിപ്പള്ളി, കാരുവേലിൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക്ക് കാലാവസ്ഥാമാപിനികളിൽ ഈമാസം ഒട്ടുമിക്ക ദിവസങ്ങളിലും 37 ഡിഗ്രിക്ക് മുകളിലാണ് അന്തരീക്ഷ താപനില.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കൊട്ടാരക്കരയിൽ സ്ഥാപിച്ച ഇന്റർനെറ്റ് ഒഫ് തിംഗ്സ് സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തിൽ പ്രദേശത്തെ അൾട്രാവയലറ്റ് സൂചിക മിക്ക ദിവസങ്ങളിലും 8–10 വരെയാണ്. ഇന്നലെ 10 ആണ് രേഖപ്പെടുത്തിയത്.

അൾട്രാവയലറ്റ് സൂചിക 6 മുതൽ 7വരെയാണെങ്കിൽ മുൻകരുതൽ സ്വീകരിക്കേണ്ട സാഹചര്യമാണ്. 8 മുതൽ 10 വരെ അതീവ ജാഗ്രത പുലർത്തണം. 11 മുകളിലായാൽ ഏറ്റവും ഗുരുതര സാഹചര്യമാണ്.

സൂചിക കൊട്ടാരക്കരയിൽ മാത്രമാണ് നിലവിൽ ലഭ്യമെങ്കിലും ജില്ലയുടെ എല്ലാ ഭാഗത്തും ജാഗ്രത പുലർത്തണം. അൾട്രാവയലറ്റ് സൂചിക കൂടുതൽ രാവിലെ 10 മുതൽ വൈകിട്ട് 3 വരെയാണ്. ഈസമയം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. സൂര്യാതപം, ത്വക്ക്, നേത്രരോഗങ്ങൾക്ക് സാദ്ധ്യത കൂടുതലാണ്. അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ വൈദ്യസഹായം തേടണം.

കൂട്ടപ്പിരിച്ചുവിടലിൽ ട്രംപിന് തിരിച്ചടി; ജീവനക്കാരെ തിരിച്ചെടുക്കാൻ ഉത്തരവിട്ട് കോടതി

ന്യൂയോർക്ക്: വിവിധ ഏജൻസികളിലായി പ്രൊബേഷണറി തൊഴിലാളികളെ പിരിച്ചുവിട്ട നടപടിയിൽ ട്രംപ് ഭരണകൂടത്തിന് കോടതിയിൽ തിരിച്ചടി. പിരിച്ചുവിട്ട ആയിരക്കണക്കിന് തൊഴിലാളികളെ ജോലിയിൽ തിരിച്ചെടുക്കാൻ സാൻഫ്രാൻസിസ്കോയിലെയും മേരിലാൻഡിലെയും ഫെഡറൽ ജഡ്ജി വില്യം അൽസാപ് ട്രംപ് ഭരണകൂടത്തോട് ഉത്തരവിട്ടു. ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി നിർത്തിവെക്കാനും കോടതി നിർദേശിച്ചു.

ഫെഡറൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച രീതികളെ ജഡ്ജി നിശിതമായി വിമർശിച്ചു. ഓഫീസ് ഓഫ് പേഴ്സണൽ മാനേജ്മെന്റും അതിന്റെ താത്കാലിക ഡയറക്ടർ ചാൾസ് എസെലും നടത്തിയ പിരിച്ചുവിടലുകൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെയാണെന്നും ജഡ്ജി കണ്ടെത്തി.

ഫെബ്രുവരി 13–നും 14–നും ഇടയിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാരെ ഉടൻ ജോലിയിൽ തിരിച്ചെടുക്കാൻ വെറ്ററൻസ് അഫയേഴ്സ്, കൃഷി, പ്രതിരോധം, ഊർജ്ജം, ഇന്റീരിയർ, ട്രഷറി വകുപ്പ് മേധാവികളോട് അദ്ദേഹം ഉത്തരവിട്ടു. പ്രൊബേഷനറി ജീവനക്കാരേക്കുറിച്ചും അവർക്ക് നൽകിയിരിക്കുന്ന നിർദേശങ്ങളേക്കുറിച്ചുമുള്ള വിശദാംശങ്ങൾ അതത് വകുപ്പുകൾ ഏഴു ദിവസത്തിനുള്ളിൽ നൽകണമെന്നും കോടതി നിർദേശിച്ചു.

അതേസമയം, കോടതി ഉത്തരവിനെതിരേ ട്രംപ് ഭരണകൂടം അപ്പീൽ നൽകി. ഭരണഘടനാവിരുദ്ധമായ ഉത്തരവിനെതിരേ പോരാടുമെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് പറഞ്ഞു. ഫെഡറൽ സംവിധാനത്തിൽ പുതിയ ജീവനക്കാരും അടുത്തിടെ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരും ഉൾപ്പെടെ രണ്ടു ലക്ഷത്തോളം പ്രൊബേഷണറി ജീവനക്കാരുണ്ട്

'പ്രഖ്യാപനം മാത്രം പോര, സുരേഷ് ഗോപി ഇനിവരുമ്പോൾ ഉത്തരവുമായി വരണം': നയം വ്യക്തമാക്കി ആശമാർ

തിരു: വേതനം വർദ്ധിപ്പിക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം കൊണ്ടുമാത്രം കാര്യമില്ലെന്നും ഉത്തരവ് ഉണ്ടാകാതെ സമരത്തിൽ നിന്ന് പിന്മാറില്ലെന്നും വ്യക്തമാക്കി ആശാവർക്കർമാർ. മുൻപും ഇത്തരം വാഗ്ദാനങ്ങൾ നൽകി ആശമാരെ വഞ്ചിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു. 'കേന്ദ്ര മന്ത്രി സുരേഷ് ഗോപി പലതവണ സമരപന്തൽ സന്ദർശിച്ചിട്ടുണ്ട്. ഇനി വരുമ്പോൾ ഉത്തരവുമായി വരണമെന്നാണ് ആഗ്രഹം.ആശമാരും സുരേഷ് ഗോപിയും പറ്റിക്കപ്പെടരുത്. സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം' എന്നും സമരസമിതി വ്യക്തമാക്കി.

സെക്രട്ടേറിയറ്റിനുമുന്നിലെ ആശാവർക്കർമാരുടെ സമരം ഇന്ന് മുപ്പത്തിമൂന്നാം ദിവസത്തിലേക്ക് കടന്നിരിക്കുകയാണ്. കത്തുന്ന വേനൽച്ചൂടിന് ആശമാരുടെ ആവേശത്തിനെതെല്ലും കുറയ്ക്കാനായിട്ടില്ല. പലരും രോഗബാധിതരാണ്. അത്തരക്കാർ ആശുപത്രിയിൽ ചികിത്സ തേടിയശേഷം വീണ്ടും സമരപന്തലിലേക്ക് എത്തുകയാണ്. തങ്ങളുടെ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം ഉണ്ടാകാതെ സമരത്തിൽ നിന്ന് പിൻവാങ്ങില്ലെന്നാണ് അവരുടെ ഉറച്ച തീരുമാനം. കഴിഞ്ഞ ദിവസം ചർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ഒരുങ്ങുന്നുവെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സൂചിപ്പിച്ചിരുന്നു. എന്നാൽ സമരക്കാരെ ചർച്ചയ്ക്ക് വിളിക്കാനുള്ള ഒരു തീരുമാനവും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെ ഉണ്ടായിട്ടില്ല എന്നാണ് അറിയുന്നത്.

ആശാവർക്കർമാരുടെ ധനസഹായം വർദ്ധിപ്പിക്കാൻ കുടുംബ ആരോഗ്യ മന്ത്രാലയത്തിനുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു. ഗവേഷണത്തിനും പൊതുജനാരോഗ്യ നിർവഹണത്തിനും ഇടയിലുള്ള വിടവ് നികത്താൻ ആശമാരുടെ സേവനം ഉപയോഗപ്പെടുത്തണം. ഇതിന് ആശമാർക്ക് ആവശ്യമായ പ്രോത്സാഹനം നൽകണം. നിലവിൽ ആശമാർക്ക് നൽകുന്ന തുച്ഛമായ ധനസഹായം അടിസ്ഥാന ചെലവിന് മതിയാകില്ല. അതിനാൽ ആശമാരുടെ പതിവ് പ്രതിഫലത്തിന് പുറമെ ഹെൽത്ത് റിസർച്ച് ഡിപ്പാർട്ട്മെന്റിനുള്ള വിഹിതത്തിൽ നിന്ന് കൂടുതൽ സഹായം ഉറപ്പാക്കണമെന്നുമാണ് രാംഗോപാൽ യാദവ് അദ്ധ്യക്ഷനായ കമ്മിറ്റി ശുപാർശ ചെയ്തത്.

2025–26ലെ ബഡ്ജറ്റിൽ ആരോഗ്യ ഗവേഷണത്തിന് 4970.03 കോടി ആവശ്യപ്പെട്ടെങ്കിലും നീക്കിവച്ചത് 3900.69 കോടിയാണെന്നും സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ടിലുണ്ട്. ബഡ്ജറ്റിന്റെ 1.89ശതമാനമാണ് ആരോഗ്യമേഖലയ്ക്ക് മാറ്റിവച്ചത്. ഇത് വർദ്ധിപ്പിക്കണമെന്നും കമ്മിറ്റി ആവശ്യപ്പെടുന്നുണ്ട്.

നിര്യാതനായി

സുരേഷ്

മണ്ണുത്തി: തൃശൂർ പ്രമുഖ വക്കീൽ ഗുമസ്തൻ മുല്ലക്കര പാറക്കൽ സുരേഷ് (57) നിര്യാതനായി. സംസ്കാരം ഇന്ന് വൈകീട്ട് 3ന് വടൂക്കര ശ്മശാനത്തിൽ. ഭാര്യ–വിജി. മക്കൾ –അഡ്വ. അഞ്ജന ലക്ഷ്മി, അഖിൽ സുരേഷ്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ

OP(MV): 2054/2019

ബീമ

–ഹരജിക്കാരി

സെയ്തു പി കെ, പുനക്കുഴി ഹൗസ്, എസ് എൻ പുരം പി ഒ., കൊടുങ്ങല്ലൂർ–680664 തൃശൂർ ജില്ല

–3–ാം എതൃകക്ഷി

മേൽ നമ്പ്രിൽ 3–ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **07–04–2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടത

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ചാലിനു കുറുകെ പാലം വേണമെന്ന്-കേരള കോൺഗ്രസ്

പൂമംഗലം : അഉണ്ട്ര ചാലിന് കുറുകെ പാലം നിർമ്മിക്കാൻ സർക്കാർ നടപടികൾ ആരംഭിക്കണമെന്ന് കേരള കോൺഗ്രസ് പൂമംഗലം മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നെറ്റിയാട് സെന്ററിൽ നടത്തിയ പ്രതിഷേധ കൂട്ടായ്മ ആവശ്യപ്പെട്ടു.പൂമംഗലം - പടിയൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഈ പാലം ദീർഘാനാളത്തെ സ്വപ്നമാണ്. യു. ഡി. എഫ് ഗവണ്മെന്റിന്റെ കാലത്ത് ബഡ്ജറ്റിൽ പെട്ടിരുന്നെങ്കിലും നാളിതുവരെ പാലം നിർമ്മിച്ചിട്ടില്ലായെന്നും പ്രതിഷേധസംഗമം ചൂണ്ടിക്കാട്ടി.യു. ഡി. എഫിന്റെ ശ്രമഫലമായി ഈ ഭാഗത്ത് രണ്ടു പഞ്ചായത്തുകളെ ബന്ധിപ്പിച്ചു ജ. ങ. ഏ. ട്യ പദ്ധതി പ്രകാരം 1.8 കോടി ചിലവിൽ റോഡ് പണിതിട്ടുണ്ടെങ്കിലും ഇടക്കുള്ള പാലം വരാത്തതിനാൽ പൂർണ്ണ പ്രയോജനം കിട്ടുന്നില്ല എന്നും പ്രതിഷേധസംഗമം പറഞ്ഞു.പ്രതിഷേധ സംഗമം ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് വി നോദ് ചേലുക്കാരൻ അധ്യക്ഷത വഹിച്ചു.പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് മുഖ്യ പ്രഭാഷണം നടത്തി.നിയോജകമണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, ജില്ലാ സെക്രട്ടറി സേതുമാധവൻ,മണ്ഡലം വർക്കിങ് പ്രസിഡന്റ് ജോമോൻ ജോൺസൻ,വത്സ ആന്റു മാളിയേക്കൽ, ആന്റണി ചേലേക്കാട്ടുപറമ്പിൽ, ധര ലക്ഷ്മി വിനോദ്, സോണിമ ആൻസിലിൻ, പോൾ കടങ്ങോട്ട്, സുരേഷ്, അജിത സുരേഷ്, അശോകൻ എന്നിവർ പ്രസംഗിച്ചു

സ്ത്രീകൾക്കുള്ള വ്യായാമവും ഭക്ഷണക്രമവും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട: 'ഫിറ്റ് 4 ലൈഫ്' സംരംഭത്തിന്റെ ഭാഗമായി, പോളിസിസ്റ്റിക് ഓവറി സിൻഡ്രോം (പിസിഒഎസ്) കേന്ദ്രീകരിച്ച്, 'സ്ത്രീകൾക്കുള്ള വ്യായാമത്തിന്റെയും ഭക്ഷണക്രമത്തിന്റെയും ശക്തി' എന്ന വിഷയത്തിൽ സെന്റ് ജോസഫ്സ് കോളേജിലെ (ഓട്ടോണമസ്) ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം സെമിനാർ സംഘടിപ്പിച്ചു.

ജീവിതശൈലി പരിഷ്കരണങ്ങളിലൂടെ പിസിഒഎസ് കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകിയ പുല്ലൂരിലെ സേക്രഡ് ഹാർട്ട് മിഷൻ ഹോസ്പിറ്റലിലെ ഗൈനക്കോളജിസ്റ്റ് ഡോ. രാകേഷ് എസ് ആണ് സെഷൻ നടത്തിയത്. ഈ അവസ്ഥയെക്കുറിച്ചും സ്ത്രീകളുടെ ആരോഗ്യത്തിലുണ്ടാകുന്ന അതിന്റെ സ്വാധീനത്തെക്കുറിച്ചും നിരവധി ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് വിദ്യാർത്ഥികൾ സെഷനിൽ സജീവമായി പങ്കെടുത്തു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സി. അഞ്ജന സെമിനാർ ഉദ്ഘാടനം ചെയ്തു, ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മേധാവി ഡോ. സ്റ്റാലിൻ റാഫേൽ അധ്യക്ഷത വഹിച്ചു. അവബോധത്തിന്റെയും ആരോഗ്യ പരിപാലനത്തിന്റെയും പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് തുഷാര ഫിലിപ്പ്, വിഷ്ണു എൻ.എസ് എന്നിവർ പ്രസംഗിച്ചു.

പിസിഒഎസ് ലക്ഷണങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ വ്യായാമത്തിന്റെയും സമീകൃതാഹാരത്തിന്റെയും നിർണായക പങ്ക് സെഷൻ എടുത്തുകാണിച്ചു. വിദ്യാഭ്യാസത്തിലൂടെയും ആരോഗ്യ അവബോധത്തിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള കോളേജിന്റെ പ്രതിബദ്ധത ആരോഗ്യരംഗത്ത് മുതൽക്കൂട്ടാകുമെന്ന് ഡോ. രാകേഷ് എസ് സൂചിപ്പിച്ചു.

ഗവ. ആശാഭവനിൽ കരാർ നിയമനം

തൃശൂർ: രാമവർമ്മപുരം ഗവ. ആശാഭവനിലെ താമസക്കാരെ ആശാഭവനിൽ താമസിച്ച് പരിചരിക്കുന്നതിന് ജെപി എച്ച്എൻ, മൾട്ടിടാസ്ക് കെയർ പ്രൊവൈഡർ എന്നീ തസ്തികകളിലേക്ക് വാക്-ഇൻ -ഇന്റർവ്യൂ നടത്തുന്നു.

മൾട്ടിടാസ്ക് കെയർ പ്രൊവൈഡർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ 8-ാം ക്ലാസ്സ് പാസ്സായവരും 50 വയസ് കവിയാത്ത സ്ത്രീകളുമായിരിക്കണം.

ജെപിഎച്ച്എൻ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പ്ലസ് ടു, എഎൻഎം, കേരള നഴ്സിംഗ് ആന്റ് മിഡ്വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ, 2 വർഷം പ്രവർത്തി പരിചയവും 20 - 45 പ്രായപരിധിയിൽ ഉള്ളവരുമായ വനിതകളായിരിക്കണം.

ഉദ്യോഗാർത്ഥികൾ വെള്ളക്കടലാസിൽ സ്വയം തയ്യാറാക്കിയ അപേക്ഷയും ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം മാർച്ച് 20 ന് രാവിലെ 11 ന് രാമവർമ്മപുരം ആശാഭവനിൽ വാക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി എത്തിച്ചേരണം. ഫോൺ: 0487 2328818.

തൈക്കാട്ടുശ്ശേരി-വല്ലച്ചിറ റോഡിന്റെ നിർമ്മാണോദ്ഘാടനം മന്ത്രി മുഹമ്മദ് റിയാസ് നിർവ്വഹിച്ചു

തൃശൂർ: സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബി.എം. ആൻഡ് ബി.സി നിലവാരത്തിൽ നവീകരിക്കുന്ന തലോർ - തൈക്കാട്ടുശ്ശേരി - വല്ലച്ചിറ റോഡിന്റെ നിർമ്മാണോദ്ഘാടനം പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഓൺലൈനായി നിർവ്വഹിച്ചു. 350 ലക്ഷം രൂപ ചിലവിലാണ് റോഡ് നവീകരീക്കുന്നത്. വിവിധ ഭാഗങ്ങളിലായി 4.075 കിലോമീറ്റർ വരുന്ന റോഡ് നവീകരണം സംസ്ഥാനത്തെ റോഡുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള പൊതുമരാമത്ത് വകുപ്പ് പദ്ധതിയുടെ ഭാഗമായിട്ടാണ് നടപ്പിലാക്കുന്നത്.

പുതുക്കാട് എംഎൽഎ കെ.കെ രാമചന്ദ്രൻ യോഗത്തിന് അധ്യക്ഷത വഹിച്ചുകൊണ്ട് ശിലാഫലകം അനാഛാദനം നിർവ്വഹിച്ചു. പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹരീഷ് എസ് സങ്കേതിക റിപ്പോർട്ട് അവതരിപ്പിച്ചു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം ചന്ദ്രൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ എ.കെ രാമചന്ദ്രൻ, എൻ. മനോജ്, ജില്ലാ പഞ്ചായത്ത് അംഗം വി.ജി വനജകുമാരി, വൈസ് പ്രസിഡന്റുമാരായ സോഫി ഫ്രാൻസിസ്, രാജലക്ഷ്മി റെനീഷ്, വനജ ബാബു, പഞ്ചായത്ത് അംഗങ്ങളായ ഭദ്ര മനു, ടി.കെ ശങ്കരനാരായണൻ, പി.എസ് നിഷ, സന്ധ്യ കുട്ടൻ, എൻ.ടി സജീവൻ, ട്രീസ ബാബു, സി.ആർ മദനമോഹൻ, വി.കെ രാജൻ, ബാങ്ക് പ്രസിഡന്റ് എ.ആർ ബൈജു എന്നിവർ പങ്കെടുത്തു. ചടങ്ങിന് നെന്മണിക്കര പഞ്ചായത്ത് പ്രസിഡന്റ് കെ.എം ബൈജു സ്വാഗതവും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ബേസിൽ ചെറിയാൻ നന്ദിയും പറഞ്ഞു.

പൂത്തോൾ സുഖദ ഭവനിൽ പറവകൾക്ക് സ്നേഹതണ്ണീർ കുടം ഒരുക്കി

തൃശൂർ: പ്രകൃതിസംരക്ഷണ സംഘം കേരളത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പറവകൾക്ക് കൊടും വേനലിൽ ഒരല്പം ദാഹജലം നൽകുന്നതിന് പ്രേരണ നൽകുന്ന സ്നേഹതണ്ണീർ കുടം പദ്ധതിയുടെ ഭാഗമായി പ്രശസ്ത സിനിമാതാരം സുനിൽ സുഖദയുടെ പൂത്തോളിലെ സുഖദ ഭവനിൽ ഒരുക്കിയ സ്നേഹ തണ്ണീർ കുടത്തിലേയ്ക്ക് ജലം പകർന്ന് കൊണ്ട് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന സെക്രട്ടറി ഷാജിതോമസ് എൻ പറവകൾക്ക് സ്നേഹതണ്ണീർ കുടം പദ്ധതിയുടെ ബ്രോഷർ കൈമാറി.

ബിജെപി അനുഭാവികളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസ്

ഒന്നാംപ്രതിക്ക് പതിനൊന്നര വർഷം കഠിനതടവും 50,000/ രൂപ പിഴയും ശിക്ഷ

തൃശൂർ: ആളൂർ വിശ്വനാഥപുരം അമ്പലത്തിലെ ഉത്സവത്തിനിടയിൽ സി.പി.എം അനുഭാവിയായ മാഹിൻ എന്നവർ ഉത്സവപറമ്പിൽ വന്ന കാര്യം പോലീസിനെ അറിയിച്ചു എന്ന തെറ്റിദ്ധാരണമൂലം ആഖജ അനുഭാവികളെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതിയായ ആളൂർ പെട്രോൾ പമ്പിനു സമീപം തിരുനെൽവേലിക്കാരൻ ബാവ എന്ന ഷബീക്ക് എന്നവരെ വിവിധ വകുപ്പുകൾ പ്രകാരം 11 വർഷവും ആറ് മാസവും കഠിനതടവിനും 50,000/ രൂപ പിഴയടക്കുന്നതിനും തൃശൂർ നാലാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് കെ.വി രജനീഷ് ശിക്ഷ വിധിച്ചു.

2006 ഫെബ്രുവരി 21 രാവിലെ 11 മണിക്ക് ആളൂർ സെന്ററിലെ ഹോട്ടലിനു മുന്നിൽ വെച്ചാണ് കേസിനാസ്പദമായ സംഭവം നടന്നത്. അഞ്ച് പ്രതികളുണ്ടായിരുന്ന കേസിൽ ഒന്നാം പ്രതിയാണ് ബാവ @ ഷബീക്ക്. കേസിലെ മറ്റു പ്രതികളെ കോടതി നേരത്തെ ശിക്ഷിച്ചിരുന്നു.

ഒന്നാം പ്രതിയായ ബാവ ഒളിവിൽ പോയതിനാൽ കേസ് ഒഴിവാക്കി ചെയ്ത് വാദം നടത്തുകയായിരുന്നു. ഒന്നാം പ്രതി മറ്റ് പ്രതികളുമായി കൂട്ടുചേർന്ന് മാരകായുധമായ ഇരുമ്പു പൈപ്പും, വാളും ഉപയോഗിച്ച് മനോജ് എന്നവരെ വെട്ടി ഗുരുതരമായി പരിക്കേല്പിക്കുകയായിരുന്നു. തുടർന്ന് കൊടകര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയായിരുന്നു.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 9 തൊണ്ടിമുതലുകളും 34 രേഖകളും ഹാജരാക്കുകയും 22സാക്ഷികളെ വിസ്തരിക്കുകയും ചെയ്തിരുന്നു. കൊടകര എസ്.ഐ ആയിരുന്ന ഇ.പി. അഗസ്തി കേസ് രജിസ്റ്റർ ചെയ്തത്. കൊടകര പോലീസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന സി.ആർ. സേവ്യർ എന്നവരാണ് കേസിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്. കേസിലെ പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചത് ഗ്രേഡ് സിവിൽ പോലീസ് ഓഫീസറായ ബിനോജ് ഗോപി എന്നവരാണ്.

പ്രോസിക്യൂഷനുവേണ്ടി അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ സോളി ജോസഫ് സി.യും അഭിഭാഷകരായ അഡ്വ. ഹണി ചരുവിൽ, അഡ്വ. അലൻ റിച്ചാർഡ് എന്നിവരും ഹാജരായി.

അധ്യാപക പരിശീലനം

ഇരിങ്ങാലക്കുട: സമഗ്ര ശിക്ഷാ കേരള ഇരിങ്ങാലക്കുട ബി ആർ സി യുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികൾക്ക് പിന്തുണ നൽകാൻ വേണ്ടി അധ്യാപകർക്ക് പരിശീലന പരിപാടി നടത്തി. ദ്വിദിന ശില്പശാലയുടെ ഉദ്ഘാടനം ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി ഉദ്ഘാടനം ചെയ്തു.

ബിപിസി കെ. ആർ സത്യപാലൻ സ്വാഗതം പറഞ്ഞു. AEO ഡോ.നിഷ. എം. സി അധ്യക്ഷയായി. SSK ജില്ലാ പ്രോഗ്രാം ഓഫീസർ ബ്രിജി സാജൻ മുഖ്യാതിഥിയായി. പരിശീലക സുമിത എൻ.എസ് നന്ദി പറഞ്ഞു.

2 ദിവസങ്ങളിലായി നടക്കുന്ന ശില്പശാലയിൽ 44 അധ്യാപകർ പങ്കെടുക്കുന്നുണ്ട്. ഭിന്നശേഷി മേഖലയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കലാണ്പരിപാടിയുടെ ലക്ഷ്യം. സുമിത എൻ.എസ്, വിജിത കെ.വി, അനുപം പോൾ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ഒരു ചരിത്ര സന്ദർശനത്തിന്റെ ഓർമ്മയിൽ കോൺഗ്രസ്

തൃശൂർ: മഹാത്മഗാന്ധിയുടെ തൃശൂർ സന്ദർശനത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി മാർച്ച് 17 തിങ്കളാഴ്ച്ച വൈകീട്ട് 5 മണിയ്ക്ക് ആദ്യമായി ഗാന്ധി തൃശൂർ ജനതയെ അഭിസംബോധന ചെയ്ത തേക്കിൻക്കാട് മൈതാനത്തെ മണിക്കണ്ഠനാൽ പരിസരത്ത് 'സത്യത്തിന്റെ പ്രതിധ്വനികൾ, ഒരു ചരിത്ര സന്ദർശനത്തിന്റെ ഓർമ്മ' എന്ന പേരിൽ കൂട്ടായ്മ സംഘടിപ്പിക്കുമെന്ന് ഡി. സി. സി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു. പ്രശസ്ത നടനും സാംസ്കാരിക പ്രവർത്തകനുമായ ജോയ് മാത്യു ഉദ്ഘാടനം ചെയ്യും കവി അൻവർ അലി മുഖ്യാതിഥിയാക്കുന്ന ചടങ്ങിൽ രാഷ്ട്രീയ- സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ സംബന്ധിക്കും.

വനിതാ വേദി സംഘടിപ്പിച്ച പോസറ്റീവ് തിങ്ക്

വിയ്യൂർ: വനിതാ ദിനത്തോടനുബന്ധിച്ച് പോട്ടോർ ബി.എം.സി. ക്ലബ്ബ് & ഗ്രാമീണ വായനശാല വനിതാ വേദി സംഘടിപ്പിച്ച പോസറ്റീവ് തിങ്കിങ്ങിനെ കുറിച്ച് രേഷ്മ രാജേഷ് സംസാരിച്ചു. വനിതാവേദി കൺവീനർ സൗമ്യ ജോബി അദ്ധ്യക്ഷത വഹിച്ച ക്ലാസ്സ് കോലഴി ഗ്രാമ പഞ്ചാത്ത് മെമ്പർ നിജ ജയകുമാർ ഉദ്ഘാടനം ചെയ്തു. വനിതാവേദി സെക്രട്ടറി രാജി കൃഷ്ണകുമാർ സ്വാഗതം പറയുകകും വായനശാല പ്രസിഡന്റ് രാമദാസ് മാസ്റ്റർ, വായനശാല സെക്രട്ടറി പി ആർ സുനിൽ അംഗങ്ങളായ രേണുക സുരേഷ്, രമ്യ വിജയകുമാർ, എം എൻ ഗോപിനാഥൻ, കെ.എൻ വിജയകുമാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ശാരി ശ്രീജിത്ത് നന്ദി പറയുകയും ചെയ്തു.

ഗതാഗത നിയന്ത്രണം

തൃശൂർ: കുറ്റൂർ - ചാമക്കാട് റോഡിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതിനാൽ മാർച്ച് 15 മുതൽ പ്രവൃത്തി തീരുന്നതു വരെ ഇതുവഴിയുള്ള ഗതാഗതം ഭാഗികമായി തടസ്സപ്പെടുന്നതാണെന്ന് പുഴക്കൽ പിഡബ്ല്യൂഡി റോഡ് വിഭാഗം അസി. എഞ്ചിനീയർ അറിയിച്ചു.

പൂങ്കുന്നം ഗോവിന്ദിൽ പറവകൾക്ക് സ്നേഹതണ്ണീർ കുടം ഒരുക്കി

തൃശൂർ: പ്രകൃതിസംരക്ഷണ സംഘം കേരളത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പറവകൾക്ക് കൊടും വേനലിൽ ഒരല്പം ദാഹജലം നൽകുന്നതിന് പ്രേരണ നൽകുന്ന സ്നേഹതണ്ണീർ കുടം പദ്ധതിയുടെ ഭാഗമായി പൂങ്കുന്നം മുൻ എം.എൽ.എ. ടി.വി.ചന്ദ്രമോഹനന്റെ ഭവനമായ ഗോവിന്ദിൽ ഒരുക്കിയ സ്നേഹ തണ്ണീർ കുടത്തിലേയ്ക്ക് ജലം പകർന്ന് കൊണ്ട് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന സെക്രട്ടറി ഷാജിതോമസ് എൻ പറവകൾക്ക് സ്നേഹതണ്ണീർ കുടം പദ്ധതിയുടെ ബ്രോഷർ കൈമാറി.

തെറ്റി ക്രെഡിറ്റ് ചെയ്ത 2123 രൂപ തിരികെ നൽകിയില്ല, നഷ്ടം സഹിതം 14623 രൂപ നൽകുവാൻ വിധി

തൃശൂർ: തെറ്റി ക്രെഡിറ്റ് ചെയ്ത സംഖ്യ തിരികെ നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരിക്ക് അനുകൂല വിധി. തൃശൂർ പഴയന്നൂർ സ്വദേശിനി കൂർക്കപ്പറമ്പിൽ വീട്ടിൽ ഷൈനി.കെ.സി. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ ന്യൂ എലൈറ്റ് ഉടമക്കെതിരെ ഇപ്രകാരം വിധിയായത്.

ഷൈനി 2123 രൂപയുടെ തുണിത്തരങ്ങളാണ് വാങ്ങുകയുണ്ടായതു്. പേയ് ടി എം മുഖേനെയാണ് സംഖ്യ അടച്ചത്. എതിർകക്ഷിയുടെ എക്കൗണ്ടിലേക്ക് സംഖ്യ രണ്ട് തവണ ക്രെഡിറ്റ് ചെയ്യപ്പെടുകയായിരുന്നു. ഷൈനി സംഖ്യ തിരികെ ലഭിക്കുവാൻ പല തവണ സമീപിച്ചുവെങ്കിലും അവഗണിക്കുകയായിരുന്നു. നിവൃത്തിയില്ലാതെ ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്.

എതിർകക്ഷിയുടെ നടപടി അനുചിത ഇടപാടാണെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി. സാബു, മെമ്പർ മാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹരജിക്കാരിക്ക് 2123 രൂപയും തെറ്റി ക്രെഡിറ്റ് ചെയ്യപ്പെട്ട സംഖ്യക്ക് 2022 ആഗസ്റ്റ് 26 മുതൽ 9% പലിശയും നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 2500 രൂപയും നൽകുവാൻ കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാരിക്ക് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ജനറൽ ആശുപത്രിയിൽ അത്യപൂർവ്വമായ സങ്കീർണ്ണ ആൻജിയോപ്ലാസ്റ്റി വിജയകരമായി പൂർത്തീകരിച്ചു

തൃശൂർ: ജനറൽ ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിൽ വയോധികരായ 2 പേരുടെ ജീവൻ അതിസങ്കീർണ്ണമായ അൻജിയോ പ്ലാസ്റ്റിയിലൂടെ തിരിച്ചുകിട്ടിയിരിക്കുന്നു. 2 പേർക്കും ഹൃദയത്തിലെ രക്തധമനികളിൽ മാരകമായ കാത്സ്യം അടിഞ്ഞുകൂടിയ ബ്ലോക്ക് കണ്ടെത്തിയിരുന്നു. എത്രയും വേഗം ബൈപാസ് സർജറി വേണ്ടി വരുന്ന ബ്ലോക്കുകളായിരുന്നു രണ്ടുപേർക്കും ഉണ്ടായിരുന്നത്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും പരിചരിക്കാൻ ആളില്ലാത്തതിനാലും ബൈപാസ് സർജറി ഇവർ നിരസിക്കുകയായിരുന്നു. ഇത്തരം മാരകമായ ബ്ലോക്കോടുകൂടി രോഗിയെ വീട്ടിൽ പറഞ്ഞയച്ചാൽ ഏതുസമയത്തും മരണം സംഭവിക്കാവുന്നതാണ്. ജീവരക്ഷക്കുവേണ്ടി ആൻജിയോപ്ലാസ്റ്റി ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന പാർശ്വഫലങ്ങളെപ്പറ്റി രോഗികളുടെ ബന്ധുക്കളെ പറഞ്ഞുമനസ്സിലാക്കി 10.03.2025 ന്

ഇവരെ ആൻജിയോപ്ലാസ്റ്റിക്ക് വിധേയരാക്കി അതിനൂതന സാങ്കേതിക വിദ്യയായ എ.ഐ. (നിർമ്മിത ബുദ്ധി), Enabled IVUS കാത്സ്യം പൊടിച്ചുകളയാനുള്ള rotablation ബ്ലോക്കിലെ കാത്സ്യത്തിൽ വിള്ളൽ വരുത്താനുള്ള Cu-tin-g B-a-loon എന്നിവയെല്ലാം ഉപയോഗിച്ച് 2 രോഗികളുടെയും ബ്ലോക്ക്, കാർഡിയോളജിസ്റ്റുമാരായ ഡോ. കൃഷ്ണകുമാർ എ., ഡോ. വിവേക് തോമസ് എന്നവരുടെ നേതൃത്വത്തിൽ വിജയകരമായി നീക്കം ചെയ്തു. സ്റ്റാഫ് നഴ്സുമാരായ ജിന്റോ ജോസ്, ശ്രുതി, ബിന്റോ, ജെസ്സി, ജിപ്സി ടെക്നീഷ്യൻമാരായ ദിവ്യ, ശ്രീലക്ഷ്മി എന്നിവരും ഈ ഉദ്യമത്തിൽ പങ്കാളികളായിരുന്നു. സ്വകാര്യ ആശുപത്രിയിൽ 4-5 ലക്ഷം വരെ ചെലവുവരുന്ന ഈ ചികിത്സ തികച്ചും സൗജന്യമായാണ് ഈ 2 രോഗികൾക്കും തൃശൂർ കോർപ്പറേഷൻ ജനറൽ ആശുപത്രിയിൽ നൽകാൻ സാധിച്ചത്. ഇതിൽ പങ്കാളികളായ എല്ലാവരേയും കോർപ്പറേഷൻ മേയർ എം.കെ. വർഗ്ഗീസ് പ്രത്യേകം അനുമോദിക്കുകയും ഈ രോഗികളെ മേയർ നേരിട്ടുകണ്ട് സുഖവിവരം അന്വേഷിക്കുകയും ചെയ്തു.

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ

OP (Arb) No.: 1254/2024

ധനജ്യോതി കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, ഇരിങ്ങാലക്കുട

-ഹരജിക്കാരൻ

ചാലക്കുടി താലൂക്ക് ആളൂർ വില്ലേജ് കാരൂർ ദേശത്ത് ചക്കാലക്കൽ ജോൺസൺ ഭാര്യ സോജ ജോൺസൺ

-1-ാം എതൃകക്ഷി

കുറി കരാർ പ്രകാരം വരേണ്ട സംഖ്യക്കും മറ്റുമാണ് ഈ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ ഹരജി **18-03-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി പകൽ 11 മണിക്ക് ബഹു. ചിട്ടി ആർ ബിട്രേറ്റർ തൃശൂർ മുമ്പാകെ ഹാജരായി തർക്കംബോധിപ്പിക്കാത്തപക്ഷം 1-ാം എതൃകക്ഷിയെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകണമെന്ന് അറിയിക്കുന്നു.

എന്ന്, 11-03-2025

ഹരജി ഭാഗം അഡ്വക്കെറ്റ്

സി വി സാബുരാജ്

(ഒപ്പ്)

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 654/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. Mrs. Sheela G, Aged 43 years,W/o Suresh, Puthankulambu (H) Elavampadam, Kizhakkenchery PO. Palakkad Dist. Kerala- PIN 678 684
2. Mr. Suresh K, Aged 51 years, S/o Kandamuthan, Puthankulambu (H) Elavampadam, Kizhakkenchery PO,Palakkad Dist. Kerala-PIN 678 684
3. Mr. Radhakrishnan V, Aged 47 years,S/o Velayudhan, Puthankulambu (H) Elavampadam, Kizhakkenchery PO, Palakkad Dist. Kerala- PIN 678 684

- Respondents

The above numbered case is posted to **21.03.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 656/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. Mrs. Rimna, Age 25 Years, D/o Sreenivasan, Kammadathil (H), Pallassery,Kunnamangalam P O, Kozhikode District,Kerala, PIN – 673 571
2. Mr. Sakhil C K, Age 32 Years ,S/o Satheesh CK, Cherukkatt Ammu(H) Choykulam,Atholi P O,Kozhikode District, Kerala, PIN – 673 315
3. Mr. Arun Nath T P, Aged 35 Years, S/o Raveendran Thilakam (H) Balussery, Kinaloor P O, Kozhikode District,Kerala, PIN – 673 612

- Respondents

The above numbered case is posted to **21.03.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 657/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. Mrs.Divya, Aged 35Years,D/o Sundaran,Inchumudi (H), Mavinthop, Pazhuvil PO, Thrissur District Kerala, PIN-680564
2. Mr. Vadakootte Kuttappan Rajeev 43 Years,S/o Devaki, Vadakotte(H) , Kodaouzha, Chalakudi PO Thrissur District Kerala ,Kerala,PIN 680307
3. Mrs.Rajani V K, Aged